# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 18

# വാർത്താക്കുറിപ്പ്

## ഓൺലൈൻ പരീക്ഷകേന്ദ്രം ഉദ്ഘാടനം 24ന്

മഹാത്മാഗാന്ധി സർവകലാശാലയുടെ അപ്ലൈഡ് ഷോർട്ട്-ടേം പ്രോഗ്രാം ഡയറക്ടറേറ്റിന് കീഴിൽ പുതുതായി സജ്ജീകരിച്ച ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെയും യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനവേണ്ടി നിർമ്മിച്ച പുതിയ ഓഫീസ് സമുച്ചയത്തിന്റെയും ഉദ്ഘാടനം ഓഗസ്റ്റ് 24ന് ഉച്ചയ്ക്ക് 12ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും. യൂണിവേഴ്സിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുത്തിട്ടുള്ള കേരളത്തിന്റെ ടൂറിസം, കല, വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളെ വിദേശത്തുനിന്നുള്ള വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്ന വെബ് പോർട്ടലിന്റെ ഉദ്ഘാടനം ചടങ്ങിൽ എക്സൈസ്-രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ നിർവഹിക്കും. പുതുതായി തുടങ്ങുന്ന ഹ്രസ്വകാല കോഴ്സുകളുടെ പ്രഖ്യാപനവും അദ്ദേഹം നിർവ്വഹിക്കും.

കോവിഡ് നിയന്ത്രണ മാർഗനിർദ്ദേശങ്ങൾ പാലിച്ച് നടത്തുന്ന ചടങ്ങിൽ തോമസ് ചാഴികാടൻ എം.പി., അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിജു വലിയമല, ജില്ലാ പഞ്ചായത്ത് അംഗം റോസമ്മ സോണി, ബ്ലോക്ക് പഞ്ചായത്ത് അംഗം ജയിംസ് കുര്യൻ, ഗ്രാമ പഞ്ചായത്ത് അംഗം ജോഷി ഇലഞ്ഞിയിൽ, വൈസ് ചാൻസലർ ഡോ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, പരീക്ഷ കൺട്രോളർ ഡോ. സി.എം. ശ്രീജിത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാം ഡയറക്ടർ റോബിനറ്റ് ജേക്കബ്, യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഡയറക്ടർ സജിമോൻ എബ്രഹാം എന്നിവർ പങ്കെടുക്കും.

സർവകലാശാല നടത്തുന്ന ഹ്രസ്വകാല കോഴ്സുകളുടെയും മറ്റ് പ്രോഗ്രാമുകളുടെയും ഭാഗമായുള്ള പരീക്ഷകൾ ഓൺലൈനായി നടത്താൻ കഴിയുന്ന വിധത്തിലാണ് ഓൺലൈൻ പരീക്ഷകേന്ദ്രം സജ്ജമാക്കിയിട്ടുള്ളത്. മറ്റ് സർക്കാർ-സർക്കാരിതര ഏജൻസികൾ നടത്തുന്ന ഓൺലൈൻ പരീക്ഷകളും ഇവിടെ നടത്താൻ സാധിക്കും. ആകെ 1.1 കോടി രൂപ ചെലവിൽ സജ്ജമാക്കിയ പരീക്ഷകേന്ദ്രത്തിൽ ഇപ്പോൾ ഒരേസമയം 100 വിദ്യാർഥികൾക്ക് പരീക്ഷയെഴുതാൻ കഴിയും. 200പേർക്കുകൂടി പരീക്ഷയെഴുതാവുന്ന വിധത്തിൽ ഈ കേന്ദ്രത്തിന്റെ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് പരീക്ഷകേന്ദ്രം മേധാവി ഡോ. റോബിനറ്റ് ജേക്കബ് അറിയിച്ചു. ആധുനിക നിലവാരത്തിലുള്ള ഫോറിൻ ലാംഗ്വേജ് ലേണിംലാബ്, മിനി കോൺഫറൻസ് ഹാൾ, വിദ്യാർഥി സൗഹൃദ ഫ്രണ്ട് ഓഫീസ്, തുടങ്ങിയ സൗകര്യങ്ങളോടെയുള്ളതാണ് യൂണവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനായി നിർമിച്ച പുതിയ ഓഫീസ് സമുച്ചയം.

(പി.ആർ.ഒ/39/798/2021)

## എം.ജി. ബി.എഡ്. ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിൽ പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക്

നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകരും ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും അപേക്ഷ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വാട്ടകളിലേക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

ഭിന്നശേഷി/ സ്പോർട്സ് ക്വാട്ട വിഭാഗങ്ങളിലേക്കും ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന അതത് കോളേജുകളിൽ ഓൺലൈനായി നടത്തുന്നതുമാണ്.

കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ സാഹചര്യത്തിൽ പ്രവേശനം പൂർണമായും ഓൺലൈൻ സംവിധാനത്തിലൂടെയാവും നടത്തുക. ആയതിനാൽ അപേക്ഷകർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അക്ഷയകേന്ദ്രങ്ങളെ ആശ്രയിക്കുന്നവർ സാമൂഹ്യ അകലം പാലിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ ശ്രദ്ധിക്കണം.

പ്രോസ്പെക്ടസ് പ്രകാരം സംവരണാനുകൂല്യത്തിന് ആവശ്യമായ സാക്ഷ്യപത്രങ്ങളാണ് അപ്ലോഡ് ചെയ്തിരിക്കുന്നത് എന്ന് അപേക്ഷകർ ഉറപ്പുവരുത്തണം. ശരിയായ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ പ്രവേശനം റദ്ദാക്കപ്പെടാനും സാധ്യതയുണ്ട്. പട്ടികജാതി/ പട്ടിക വർഗ വിഭാഗത്തിൽപ്പെടുന്നവർ സംവരണാനുകൂല്യം തെളിയിക്കുന്നതിനായി ജാതി സർട്ടിഫിക്കറ്റും എസ്.ഇ.ബി.സി./ ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യണം. ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന്റെ ആനുകൂല്യം അവകാശപ്പെടുന്നവർ 'ഇൻകം ആന്റ് അസറ്റ്സ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യണം. സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നാക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് പൊതുവിഭാഗം തെരഞ്ഞെടുക്കുകയോ വരുമാനം എട്ടുലക്ഷത്തിൽ കൂടുതലായി നൽകിയതിനുശേഷം സംവരണം ആവശ്യമില്ല എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുകയോ ചെയ്യാം. എൻ.സി.സി./ എൻ.എസ്.എസ്. എന്നീ വിഭാഗങ്ങളിൽ ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദതലത്തിലെ സാക്ഷ്യപത്രങ്ങളാണ് അപ്ലോഡ് ചെയ്യേണ്ടത്. വിമുക്തഭടൻ/ ജവാൻ എന്നിവരുടെ ആശ്രിതർക്ക് ലഭ്യമാവുന്ന ബോണസ് മാർക്കിന് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കണം. ഇതിനായി ആർമി/ നേവി/ എയർഫോഴ്സ് എന്നീ വിഭാഗങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

രജിസ്ട്രേഷൻ ഫീസ് എസ്.സി./ എസ്.ടി. വിഭാഗത്തിന് 625 രൂപയും മറ്റുള്ളവർക്ക് 1250 രൂപയുമാണ്. ഓൺലൈൻ രജിസ്ട്രേഷനും ക്യാപ് സംബന്ധമായ വിവരങ്ങൾക്കും cap.mgu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/799/2021)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ ബി.ആർക് (2019ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ ബി.ആർക് (2018 അഡ്മിഷൻ - റഗുലർ/2017 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/2017ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ രണ്ട്, മൂന്ന് തീയതികളിൽ ആരംഭിക്കും.

(പി.ആർ.ഒ/39/800/2021)

## ഇന്റർവ്യൂ മാറ്റി

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സോഷ്യൽ വർക്ക് വിഭാഗത്തിൽ അധ്യാപകന്റെ താൽക്കാലിക ഒഴിവിലേക്ക് ഓഗസ്റ്റ് 25ന് ഉച്ചകഴിഞ്ഞ് രണ്ടിന് നടത്താനിരുന്ന വോക്ക് -ഇൻ -ഇന്റർവ്യൂ സെപ്റ്റംബർ രണ്ടിലേക്ക് മാറ്റി. സമയം - രാവിലെ 10 മണി. താല്പര്യമുള്ളവർക്ക് sbsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ഓഗസ്റ്റ് 25 വരെ ബയോഡാറ്റ സമർപ്പിക്കാം.

(പി.ആർ.ഒ/39/801/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന മൂന്നാം വർഷ ബാച്ചിലർ ഓഫ് മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി - റഗുലർ (2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/802/2021)

2019 നവംബറിൽ നടന്ന ഒന്നുമുതൽ ആറുവരെ സെമസ്റ്റർ ബി.എസ് സി. കമ്പ്യൂട്ടർ സയൻസ് - ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/803/2021)

2019 നവംബറിൽ നടന്ന ബി.ബി.എ. (ഓഫ് കാമ്പസ്) സപ്ലിമെന്ററി/ മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/804/2021)

2019 നവംബറിൽ നടന്ന ഒന്നു മുതൽ നാലുവരെ സെമസ്റ്റർ എം.എസ് സി. ഐ.റ്റി. ആന്റ് സി.സി. - ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/805/2021)

## സീനിയർ സയന്റിസ്റ്റ്, റിസർച്ച് അസോസിയേറ്റ് ഒഴിവ്

കോട്ടയം തലപ്പാടിയിൽ പ്രവർത്തിക്കുന്ന ബയോമെഡിക്കൽ ഗവേഷണത്തിനായുള്ള അന്തർസർവകലാശാല കേന്ദ്രത്തിലെ വൈറസ് റിസർച്ച് ആന്റ് ഡയഗ്നോസ്റ്റിക് വിഭാഗത്തിൽ ഒരു സീനിയർ സയന്റിസ്റ്റിന്റെയും ഒരു റിസർച്ച് അസോസിയേറ്റിന്റെയും ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾ www.iucbr.ac.in, www.mgu.ac.in എന്നീ വെബ് സൈറ്റുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/806/2021)

## ശില്പശാല സമാപിച്ചു

യു.ജി.സി. സ്ട്രൈഡ് പ്രൊജക്ടിന്റെയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സപ്തദിന ശില്പശാല സമാപിച്ചു. 'ഡികൊളോണൈസിംഗ് റിസർച്ച്: മെതേഡ്സ് ആന്റ് മെതഡോളജീസ്' എന്ന ശീർഷകത്തിൽ നടത്തിയ ശില്പശാലയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, ന്യൂഡൽഹിയിലെ തേസ്പൂർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഓഫ് എമിനൻസ് പ്രൊഫ. ഡോ. വർജിനസ് കാക്ക എന്നിവരും ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽ നിന്നുള്ള 45ഓളം അധ്യാപകരും ഗവേഷകരും വിവിധ സെഷനുകളിൽ പങ്കെടുത്തു. സമാപനസമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പങ്കെടുത്തു. മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ സോഷ്യൽ വർക്ക് പഠനവിഭാഗം ഡീൻ ആയ പ്രൊഫ. ഡോ. ബിപിൻ ജോജോ സമാപന പ്രഭാഷണം നടത്തി. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ വകുപ്പ് മേധാവി ഡോ. നൗഷാദ് പി.പി., യു.ജി.സി. സ്ട്രൈഡ് പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. അഭിലാഷ് ബാബു, പ്രോഗ്രാം കോ-ഓർഡിനേറ്ററും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ അധ്യാപികയുമായ മഞ്ജുഷ കെ.എ., സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/807/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ